എന്നാൽ പ്രസ്തുത അംഗീകാരം വഴി വിശ്വകർമ്മ സമുദായം ഒന്നാകെ സമുദായത്തിന്റെ പേരിൽ ക്രിമിലയറിൽനിന്നും ഒഴിവാകുന്നില്ല എന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി—ഇ) വിശ്വകർമ്മ സമുദായത്തെ പരമ്പരാഗത തൊഴിൽ സമുദായമായി അംഗീകരിച്ച സ്ഥിതിക്ക് ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

ലേബർ കോടതികൾ

100 [554] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ലേബർ കോടതികൾ പ്രവർത്തിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(ബി) ഈ കോടതികളിൽ എല്ലാം കൂടി തീർപ്പ് കൽപ്പിക്കുന്നതിനായി എത്ര കേസ്സുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കേസുകൾ എത്ര എണ്ണമുണ്ടെന്ന് അറിയിക്കുമോ;

(ഡി) 5 വർഷത്തിനുമേൽ പഴക്കമുള്ള തൊഴിൽ കേസുകൾ എത്രയെണ്ണം അവശേഷിക്കുന്നുവെന്ന് അറിയിക്കാമോ;

(ഇ) ഏറ്റവും കൂടുതൽ കാലപ്പഴക്കമുള്ള കേസുകൾ ഏതൊക്കെ ലേബർ കോടതികളിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) - '4'.

(ബി) - '2156'.

(സി) - '1260'.

(ഡി) - '572'.

(ഇ) കണ്ണൂർ, കൊല്ലം എന്നീ ലേബർ കോടതികളിൽ.

ചുമട്ട് തൊഴിലാളി നിയമം

101 [555] ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സിൽ ചുമട്ടുതൊഴിലാളി നിയമം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കമ്പനിയിൽ കയറ്റിറക്ക് ജോലി ചെയ്യുന്ന ചുമട്ടു തൊഴിലാളികൾ ചുമട്ടുതൊഴിലാളി നിയമത്തിന്റെ പരിധിയിൽപ്പെട്ടവരാണോ എന്ന് വ്യക്തമാക്കാമോ;

(സി) കമ്പനിയിലെ ചുമട്ടുതൊഴിലാളികൾക്ക് നൽകിവരുന്ന കൂലി ഏതു തോതിലാണ് എന്ന് വെളിപ്പെടുത്തുമോ; കഴിഞ്ഞ 5 വർഷമായി പ്രതിവർഷം ചുമട്ടുകൂലി ഇനത്തിൽ എന്തു തുക നൽകിയിട്ടുണ്ട് എന്നും ആകെ ജോലിയിൽ ഏർപ്പെട്ടിരുന്ന ചുമട്ടുതൊഴിലാളികൾ എത്രയാണെന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ ചുമട്ടുതൊഴിലാളിയുടെയും പ്രതിശീർഷ വരുമാനം എത്ര രൂപയാണ് എന്ന് വെളിപ്പെടുത്താമോ;

(ഇ) നിലവിൽ പ്രൊഡക്ഷൻ കൂടിയതനുസരിച്ച് ആനുപാതികമായി ചുമട്ടുതൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് ഇല്ലാത്തിനാൽ കൂടുതൽ ചുമട്ടുതൊഴിലാളികളെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരള ചുമട്ടുതൊഴിലാളി നിയമം 1978 പ്രകാരമാണ് സംസ്ഥാനത്തിലെ ചുമട്ടുതൊഴിലാളികളുടെ തൊഴിൽ, ക്ഷേമം, തൊഴിലുമായി ബന്ധപ്പെട്ട തർക്കങ്ങൾ എന്നിവ ക്രമീകരിച്ചിരിക്കുന്നത്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ കേരള ചുമട്ടുതൊഴിലാളി നിയമം, 1978 ബാധകമാണ്. ടി നിയമത്തിന്റെ വെളിച്ചത്തിൽ കേരള ചുമട്ടുതൊഴിലാളി (ക്ഷേമവും തൊഴിൽ ക്രമീകരണവും) പദ്ധതി 1983-ൽ നിലവിൽ വന്നു. സർക്കാർ വിജ്ഞാപനത്തിലൂടെ ഗസറ്റിൽ രേഖപ്പെടുത്തിയ സ്ഥലങ്ങളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതി തിരുവനന്തപുരം കോർപ്പറേഷനിൽ വ്യാപകമാക്കി. ജി.ഒ.(ആർ.ടി.)നം. 28/85/എൽ.ബി.ആർ. തീയതി, 4-1-1985 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് ഇപ്പോൾ തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ ഈ സ്ഥാപനത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡിന്റെ തിരുവനന്തപുരം കമ്മിറ്റിയിൽ ഇതുവരെ ലഭിച്ചതായി കാണുന്നില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കോൺട്രാക്ടർമാരാണ് വേതനവും മറ്റാനുകൂല്യങ്ങളും തൊഴിലാളികൾക്കു നൽകുന്നത്. ആയതിനാൽ വിശദാംശം ലഭ്യമല്ല.

(ഇ) ടിപ്പർ ലോറി, ആട്ടോമേഷൻ തുടങ്ങിയ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിവരുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് ആവശ്യമായി വരുന്നില്ല എന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly